# 'കാൽപാടുകൾ' നോവൽ അവസാനിക്കുന്നു



ഷിക്കാഗോ: യൂറോപ്പിൽ സ്ഥിരതാമസക്കാരനും, പ്രസിദ്ധ സാഹിത്യകാരനുമായ കൂരൂർ സോമൻ രചിച്ച 'കാൽപാടുകൾ' എന്ന പ്രസിദ്ധ നോവൽ 26–മത് അധ്യായത്തോടെ സമാപിക്കുന്നു.

ഈ മനോഹര നോവൽ ജോയിച്ചൻ പുതുക്കുളം ഡോട്ട്കോമിലൂടെ ലോക മലയാളി സമൂഹത്തിനുവേണ്ടി യാതൊരു പ്രതിഫലേച്ഛയും കൂടാതെ പ്രസിദ്ധീകരിക്കുവാൻ മുന്നോട്ടുവന്ന ശ്രീ കാരൂർ സോമൻ എന്ന മലയാളികളുടെ പ്രിയങ്കരനായ സാഹിത്യകാരന് പ്രിയപ്പെട്ട വായനക്കാരുടെ പേരിൽ ഹൃദയംനിറഞ്ഞ നന്ദി പ്രകാശിപ്പിക്കുന്നു.

അതുപോലെ തന്നെ കഴിഞ്ഞ 25 അധ്യായങ്ങൾ വായിച്ച് ആസ്വദിച്ച് എല്ലാവിധ പ്രോത്സാഹനവും, അനുഗ്രഹാശ്ശിസുകളും തന്ന് ഈ വെബ്സൈറ്റിനെ ആഗോള മലയാള സമൂഹത്തിൽ എത്തിക്കുവാൻ സഹായിച്ച എല്ലാ വായനക്കാർക്കും, സഹായസഹകരണം നൽകിയവർക്കും, അഭ്യുദയകാംക്ഷികൾക്കും, യഥാസമയം വേണ്ട നിർദ്ദേശങ്ങൾ നൽകിയ എല്ലാ മലയാളി സഹോദരങ്ങൾക്കും എന്റേയും ഈ വെബ്സൈറ്റിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ഓരോരുത്തരുടേയും പേരിൽ നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

തുടർന്നും ഏവരുടേയും സഹായസഹകരണങ്ങളും പ്രോത്സാഹനവും പ്രതീക്ഷിച്ചുകൊണ്ടും അഭ്യർത്ഥിച്ചുകൊണ്ടും നന്ദിയോടെ,

**ജോയിച്ചൻ പുതുക്കുളം**

*നോവൽ തുടർന്നു വായിക്കുക......*

അധ്യായം: 26

# പ്രയാണം

**പ**രിശോധനാ മുറിക്കു മുമ്പിലെ ക്യാബിനിൽ എച്ച്.ഐ.വി.ടെസ്റ്റിന്റെ റിസൾട്ടിനു കാത്തിരിക്കുമ്പോൾ ആനി മനസിലൊരു കൊടുങ്കാറ്റടക്കിപ്പിടിച്ചു. ജീവിതത്തിന്റെ പായ് വഞ്ചിയെ വട്ടം ചുറ്റുന്നു. മരുപച്ചകളെ മണൽക്കൂടാരങ്ങളാൽ മൂടുന്ന കൊടുങ്കാറ്റ്. മുറിയിലെ ഇരുണ്ട വെളിച്ചത്തിൽ ആനി മടിയിലുറങ്ങുന്ന ജാക്കിയെ നോക്കി. അവന്റെ മുടിയിഴകളിലൂടെ വിരലോടിച്ചു. ഒരുപക്ഷേ ഇവനും? മുൻപേ പോയവരുടെ വഴിമറന്ന നടത്തങ്ങളുടെ പാപം ഒരുപക്ഷേ ഇവന്റെ സിരകളിലുമുണ്ടാകും. പാവം ഒന്നുമറിയാതെ, ലോകത്തിന്റെ കളങ്കഭരിതമായ ഹൃദയത്തെയറിയാതെ നഷ്കളങ്കമായി ഉറങ്ങുന്നു. പരിശോധനാമുറിയിലേക്കു കയറിപ്പോയ ഒരു ഡോക്ടർ ആനിയെ നോക്കി പുഞ്ചിരിച്ചു.

മനസിൽ ഒരു മരവിപ്പായിരുന്നു. കണ്ണീരിന്റെ അടഞ്ഞ മിഴിയുറവകളിൽ നിന്ന് ഒരുതുള്ളിയുമുതിർന്നില്ല. ജസ്റ്റിന്റെ രൂപം ഒരു ചിത്രത്തിലെന്നപോലെ അവളുടെ കൺമുനകളിൽ പടർന്നു നിന്നു.

ജീവിതത്തിന്റെ തീക്ഷ്ണ ഗ്രീഷ്മങ്ങളിൽ തന്നെ ഒറ്റപ്പെടുത്തിയിട്ട് ലഹരിയുടെ മാന്ത്രിക പുഷ്പങ്ങൾ വിരിഞ്ഞ വഴികളിലൂടെ മാത്രം സഞ്ചരിച്ച ജസ്റ്റിൻ. ആദ്യമൊക്കെ ദേഷ്യമായിരുന്നു. പിന്നെ വെറുപ്പ്. അവഗണന. ഇപ്പൊ ഒരു കിളിക്കൂട്ടങ്ങൾ പറന്നുപോയ ഒരു സമുതലത്തിന്റെ വിജനതയിൽ പാഴ്മരമായി നിൽക്കുകായണ്. തനിക്കു വേണമെങ്കിൽ മനസിന്റെ വാതിലടയ്ക്കാം. തിരസ്കരിക്കാം. തനിക്കു മുറിവുകൾ മാത്രം നൽകിയ ആ മുഖത്തു തുപ്പാം. മനസിന്റെ കൽവിളക്കിൽ അഗ്നി കോണിലേക്ക് അനുകമ്പയുടെ സ്നേഹത്തിന്റെ ഒരു ദീപം കൊളുത്തി വച്ചു ആനി. ആ ഒരുനിമിഷം ജസ്റ്റിനെ കാണാൻ ആനി തീരുമാനിച്ചു. പരിശോധനാ മുറിയുടെ വാതിൽ തുറന്നു മോനിക്ക ഇറങ്ങി വന്നു. മോനിക്കയുടെ സുഹൃത്തായിരുന്നു ലാബ് ടെക്നീഷ്യൻ.

ആനി ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റു. ജാക്കി ഉറക്കത്തിൽനിന്നു കണ്ണുതിരുമ്മി തുറന്ന് നാലുപാടും നോക്കി.

മോനിക്ക ഓടിവന്ന് ആനിയുടെ കൈപിടിച്ചു.

' ഗോഡ് ഈസ് ഗ്രേറ്റ്. ഇറ്റ്സ് നെഗറ്റീവ്. യു ആർ ഒ.കെ.'

ആനി ഒരുനെടുവീർപ്പുയർത്തി.

'ഇങ്ങനെ എല്ലാം ഹാർട്ടിൽ ഫിൽചെയ്തു വയ്ക്കാതെ ഒന്നു കരയൂ ആനി. അല്ലെങ്കിൽ ഒന്നു ചിരിക്ക്.'

ആനിയുടെ കവിളിൽതട്ടി മോനിക്ക പറഞ്ഞു. മറുപടി ഒരു നെടുവീർപ്പായിരുന്നു.

കാർ ആശുപത്രിയുടെ പാർക്കിംഗ് ഏരിയായിലേക്കിട്ട് ജസ്റ്റിൻ കിടക്കുന്ന മുറിയുടെ അടുത്തേക്കു നടക്കുമ്പോൾ ആനിയുടെ മനസു നിറയെ ആശങ്കയായിരുന്നു. മോനിക്ക ഫ്ളോർ നമ്പറും മുറിയും പറഞ്ഞുതന്നിരുന്നു.

മമ്മി അവിടെ കാണും. എങ്ങനെയാവും പ്രതികരിക്കുകയെന്നറിയില്ല. ജസ്റ്റനും തന്നോടെങ്ങനെയാവും പെരുമാറുക എന്നൊന്നും അറിയില്ല. പഴയപോലെ ഇവിടെനിന്നും പിടിച്ചുപുറത്താക്കുമോ എന്നും അറിയില്ല.

ജസ്റ്റിൻ ഹോസ്പിറ്റലിലായിട്ട് ഒരാഴ്ചയിൽ കൂടുതലായിരിക്കുന്നു. വരണ്ടെന്നാണ് ആദ്യം തീരുമാനിച്ചിരുന്നത്. പിന്നെ മാറ്റി. പൊടുന്നനെ തന്നെ കുറ്റപ്പെടുത്തിക്കളഞ്ഞെങ്കിലും തന്റെ മകന്റെ അച്ഛനല്ലേ. ആ രക്തബന്ധത്തിന്റെ കൈകൾ വിളിച്ചു. ഒരു കാന്തംപോലെ വലിച്ചടുപ്പിച്ചു.

കോറിഡോറിലൂടെ ജസ്റ്റിന്റെ മുറിയിലേക്കു നടക്കുമ്പോൾ ആനി ജാക്കിയെ ചേർത്തുപിടിച്ചു. അവൻ ചോദിച്ചിരുന്നു എവിടേക്കാണു പോകുന്നതെന്ന്. ഒരാളെ കാണാനാണെന്നു മാത്രം പറഞ്ഞു. അവന്റെ അച്ഛനെ കാണാനാണെന്നു പറഞ്ഞില്ല. വേണ്ട താനായിട്ട് പറയുന്നില്ല. ബന്ധങ്ങളുടെ നൂലിഴകളിൽ കോർത്തെടുത്ത് ആരുടെയും ഒന്നും സ്വന്തമാക്കേണ്ട. ഒന്നുമടിച്ച് ജസ്റ്റിൻ കിടക്കുന്ന മുറിയുടെ വാതിൽ തുറന്നു ആനി. കസേരയിൽ ജസ്റ്റിനു കൂട്ടിരുന്ന ഗ്രേസി തലയുയർത്തി നോക്കി.

ആനി കണ്ടു. ഗ്രേസിയുടെ പഴയരൂപമാകെ മാറിയിരിക്കുന്നു. ഒരു സാരി വാരിച്ചുറ്റിയുടുത്തിരിക്കുകയാണ്. പെട്ടെന്ന് വാർധക്യം പിടികൂടിയപോലെ. കവിളുകളൊട്ടിയിരിക്കുന്നു. കണ്ണുകൾ രണ്ടു കുഴികളിലാണ്.

ഗ്രേസി ഒട്ടൊരമ്പരപ്പോടെയാണ് ജാക്കിയെ നോക്കിയത്.

ജസ്റ്റിന്റെ ചെറുപ്പത്തിലെ അതേ രൂപം. അതേ മുടി. നടപ്പും നോട്ടവുമെല്ലാം അങ്ങനെതന്നെ. ആ കുഞ്ഞുമുഖത്തേക്ക് അവർ ഇമവെട്ടാതെ നോക്കി. വെള്ളരിപ്പല്ലുകൾ കാട്ടി അവൻ ചിരിച്ചു.

ജസ്റ്റിനും ജാക്കിയെ നോക്കിക്കാണുകയായിരുന്നു.

തന്റെ മകൻ. തന്റെ രക്തം.

കണ്ണുകളെടുത്ത് ആനിയെ നോക്കി.

ഒരു ജന്മത്തിന്റെ കണ്ണീരു മുഴുവൻ പെയ്തൊഴിഞ്ഞ് വീർത്ത കണ്ണുകൾ.

ആനിയുടെ നോട്ടം താങ്ങാനാവാതെ ജസ്റ്റിൻ കണ്ണുകൾ പിൻവലിച്ചു.

ഗ്രേസി ജാക്കിയെ കൈയാട്ടി വിളിച്ചു.

ജാക്കി തിരിഞ്ഞ് ആനിയെ നോക്കി. ഗ്രേസിയും.

ഗ്രേസിയുടെ കണ്ണുകൾ നനഞ്ഞിരുന്നു.

ആനി ജാക്കിയെ ഗ്രേസിയുടെ നേർക്ക് പതിയെ തള്ളി.

ഗ്രേസി ജാക്കിയെ നോക്കി ചിരിച്ചു.

'ഹൗ ആർ യു മൈ ബോയ്.'

ഗ്രേസിയുടെ സ്വരത്തിന് ഈർച്ചയുണ്ടായിരുന്നു.

'ആം ഫൈൻ.'

'മോന്റെ പേരെന്താണ്.'

'ആം ജാക്കി ജസ്റ്റിൻ.'

ഒരുനിമിഷം ഗ്രേസിക്കു വാക്കുകൾ കിട്ടിയില്ല.

'മോന് എന്നെ മനസിലായോ?'

ഇല്ലയെന്ന് അവൻ ചുമലിളക്കി.

'ആം യുവർ ഗ്രാൻമ.'

ഒന്നും മനസിലാകാത്ത മട്ടിൽ നിന്ന ജാക്കിയോട് ഗ്രേസി ജസ്റ്റിനെ ചൂണ്ടി ചോദിച്ചു.

'അത് ആരാണെന്നറിയാമോ?'

അവൻ കണ്ണുമിഴിച്ചു നിന്നു.

'ദാറ്റ്സ് യുവർ പപ്പ.'

ജാക്കിയുടെ കുരുന്നു ചുണ്ടുകൾ പപ്പ എന്നുരുവിട്ടു.

ഗ്രേസി അവനെ അടക്കിപ്പിടിച്ചു. തെരുതെരെ ഉമ്മവച്ചു. ആനിക്കു നിയന്ത്രിക്കാനായില്ല.

ഒരുഏങ്ങലോടെ പുറത്തേക്കോടിപ്പോയി.

കുറച്ചു കഴിഞ്ഞ് കൈയിൽ രണ്ടു ചോക്കലേറ്റുകളുമായി ജാക്കി മുറിയിൽനിന്നു പുറത്തുവന്നു.

കൈകളിൽ മുഖമമർത്തി ബഞ്ചിലിരുന്ന ആനി നിറഞ്ഞ കണ്ണുകളോടെ തലയുയർത്തി അവനെ നോക്കി.

'വൈ ആർ യു ക്രൈയിംഗ്.'

'നതിംഗ്.'

ആനി അവനെ കെട്ടിപ്പിടിച്ചു കരഞ്ഞു.

'അതാരാ മമ്മാ അവിടെ കിടക്കുന്നത്.'

ആനി മറുപടിയൊന്നും പറഞ്ഞില്ല. ഒരു സമുദ്രമിരമ്പിയ കണ്ണുകളോടെ അവനെ നോക്കുകമാത്രം ചെയ്തു.

മരുന്നുകളുടെ മനംമടുപ്പിക്കുന്ന ഗന്ധമുള്ള ദിവസങ്ങൾ. വിരസതയുടെ കരിമ്പടങ്ങൾ പുതച്ച ആകാശം. മനസിന്റെ ശ്വാസംമുട്ടൽ വസന്തത്തിന്റെ കഴുത്തു ഞെരിച്ചുകളയുന്നു.

ആനി മിക്കദിവസങ്ങളിലും ജസ്റ്റിനെ കാണാൻ പോകും. ജസ്റ്റിനും ഗ്രേസിയും കാണാതെ മുറിക്കു പുറത്തു നിന്നു കണ്ണാടിച്ചില്ലുകൾക്കുള്ളിലൂടെ ജസ്റ്റിനെ കാണും. പ്രൗഢഗംഭീരമായ ഗ്രേസിയുടെ മുഖമായിരുന്നു മനസിൽ. ഇപ്പോഴത്തെ ഈ തകർച്ചകാണാൻ വയ്യ. ജസ്റ്റിന്റെ നിരാശാഭരിതമായ തിളക്കമറ്റ കണ്ണുകളുടെ നോട്ടം നേരിടാൻ വയ്യ. ഈ ദൂരക്കാഴ്ചയിൽ താൻ പഴയ ആനിയാകും. ജസ്റ്റിന്റെ താലിക്കുവേണ്ടി തലകുനിച്ച പഴയ ആനി.

ആ കാഴ്ചയുടെ ഓർമയിലായിരുന്നു ആനിയുടെ ഓരോ ദിവസവും.

ജസ്റ്റിനെ കാണാൻ ഓരോരുത്തരുമെത്തി. ഏലിയാമ്മ വളരെ നിർബന്ധിച്ച് ഡാനിച്ചനെയും കൊണ്ടുവന്നു ഒരു ദിവസം. അവിടവിടെയൊക്കെ ചുറ്റിനിന്നിട്ട് ഗ്രേസിയോടു സംസാരിക്കാൻ കൂട്ടാക്കാതെ മടങ്ങുകയും ചെയ്തു.

ഒരിക്കൽ ആശുപത്രിയിൽവച്ച് ആനി ക്രിസ്റ്റിയെ കണ്ടു. കൂടെ വെളുത്തുതടിച്ച് മുടിനീട്ടി വളർത്തിയ ഇംഗ്ലീഷുകാരനുമുണ്ടായിരുന്നു.

'ദിസ് ഈസ് മൈ ന്യൂഫ്രണ്ട്.'

അയാളുടെ കൈകളിൽ തന്റെ കൈ കൊരുത്ത് ക്രിസ്റ്റി പറഞ്ഞു.

ആനി മുഖം തിരിച്ചുകളഞ്ഞു.

ജാക്കിയുമൊത്ത് ഒരിക്കൽകൂടി പോയിരുന്നു ആനി ജസ്റ്റിന്റെ മുറിയിൽ.

അന്ന് ഗ്രേസി ജാക്കിയെ കെട്ടിപ്പിടിച്ചു കരഞ്ഞു. ക്ഷമായാചനയുടെ ആർദ്രമായ കണ്ണുകൾകൊണ്ട് രണ്ടുമൂന്നു വട്ടം താൻ നിന്നിടത്തേക്ക് നോക്കുകയും ചെയ്തു. ഗ്രേസി കൂടുതൽ വയസിയായതുപോലെ തോന്നി.

പിന്നീടു ചെന്നപ്പോഴൊന്നും ഗ്രേസിയെ കണ്ടില്ല. ഒരു നഴ്സ് ജസ്റ്റിനെ ശുശ്രൂഷിക്കുന്നതുകണ്ടു.

ഗ്രേസിയെവിടെയെന്ന് ആരോടും ചോദിച്ചില്ല.

പക്ഷേ കുറച്ചു ദിവസങ്ങൾക്കുള്ളിൽ മനസിലായി. അങ്കിളും പപ്പയും ആന്റിയുമൊക്കെ സംസാരിക്കുന്നതുകേട്ടു. ഗ്രേസി ഓൾഡ്ഏജ് ഹോമിലാണെന്ന്. സങ്കടം തോന്നി. കാരണമില്ലായിരുന്നു.

ആൻസിക്കു ഒരു മാല വാങ്ങാൻ കടയിൽ ആഭരണങ്ങൾക്കിടയിൽ തലപൂഴ്ത്തിയിരിക്കുമ്പോഴാണ് മൊബൈൽ ശബ്ദിച്ചത്.

'ഹലോ...'

'ഹലോ... ഗുഡ് മോണിംഗ്. ഇറ്റ്സ് ഫ്രം ലണ്ടൻ ഹോസ്പിറ്റൽ. ഈസ് ഇറ്റ് ആനി.'

'യെസ്.' ആനിയുടെ നെഞ്ച് പടാപടായെന്നു മിടിച്ചു. ജസ്റ്റിനെന്തെങ്കിലും.

'ആം കോളിങ് ഫോർ ജസ്റ്റിൻ. ഹി വുഡ് ലൈക് ടു സീ യു. ഇഫ് യു ഡോൺട് മൈൻഡ്. വിൽ യു പ്ലീസ്...'

ആനി ഫോൺ കട്ടുചെയ്തു.

ജാക്കിയെ ആൻസിയോടൊപ്പം വീട്ടിലേക്കയച്ചിട്ട് കാറിൽ ആനി ആശുപത്രിയിലേക്കു പോയി. ജസ്റ്റിന്റെ മുറിക്കുപുറത്ത് ഒരുനിമിഷം നിന്നു. കണ്ണുകൾ മറിക്കു മുകളിലെ ഏതോ ബിന്ദുവിലുറപ്പിച്ച് ചിന്തയുടെ അഗാധതയിലായിരുന്നു ജസ്റ്റിൻ.

മുഖത്തു കുറ്റിരോമങ്ങൾ വളർന്നിരിക്കുന്നു. രോഗത്തിന്റെ ക്ഷീണം കവിളുകളെ ഒട്ടിച്ചിരിക്കുന്നു. കണ്ണുകൾ തടിച്ചുകുഴിഞ്ഞു. ആനി വാതിൽതുറന്ന് അകത്തുകയറി. ജസ്റ്റിന്റെ മുഖത്തേക്കു നോക്കി.

ജസ്റ്റിന്റെ അടുത്തിരുന്ന നഴ്സ് ആനിയെ ഒന്നുനോക്കിയിട്ട് പുറത്തേക്കിറങ്ങി.

'ജസ്റ്റിൻ' – ആനി വിളിച്ചു.

വിദൂരതയിൽനിന്ന് മിഴികൾ പിൻവലിച്ച് ജസ്റ്റിൻ ആനിയെ നോക്കി.

മിഴികളിൽ ഈറൻ പൊടിഞ്ഞു.

'ആനീ...'

ആനി അടുത്തുചെന്ന് കട്ടിലിലിരുന്നു. ജസ്റ്റിൻ അവളുടെ കൈകൾ കൂട്ടിപ്പിടിച്ചു.

'ആനീ... ആം ദ മിസ്റ്റേക്ക് ഫോർ ഗീവ് മി. പ്ലീസ് ഐ ബെഗ് യുവർ പാഡൺ. ഇറ്റ്സ് ഓൾ മൈ ഫോൾട്ട്... മൈ ഫോൾട്ട് ഒൺലി.'

ആനിയുടെ കൈകളിൽ മുഖമമർത്തി ചുംബിച്ച് ഒരു കുട്ടിയെപോലെ ജസ്റ്റിൻ വാവിട്ടുകരഞ്ഞു.

നിറഞ്ഞുപോയ കണ്ണുകളെ നിയന്ത്രിക്കാൻ ആനിക്കായില്ല.

'ജസ്റ്റിൻ പ്ലീസ് ജസ്റ്റിൻ...' ആർദ്രമാർന്ന സ്വരത്തിൽ ആനി വിളിച്ചു.

കരച്ചിലടക്കി ജസ്റ്റിൻ പറഞ്ഞു.

'ആനീ... ഐ ബെഗ് യുവർ പാഡൺ. ഐ നീഡ് യുവർ ഹെൽപ്.'

ആനി ജസ്റ്റിനെ ഉറ്റുനോക്കി.

'എന്റെ മമ്മി. ഷി ഈസ് മൈ ലൈഫ്. മമ്മിക്ക് ആരുമില്ല. നീ എനിക്കുവേണ്ടി...'

'ഇറ്റ് എ ഹാർട്ട്മി റിക്വസ്റ്റ് ഫ്രം എ ഡൈയിംഗ് പേഴ്സൺ. മമ്മിയെ നീ നോക്കണം.'

ജസ്റ്റിന്റെ വേദന ചാലിച്ച കണ്ണുകളിലേക്ക് ആനി അലിവോടെ നോക്കി. ജസ്റ്റിൻ തന്നോട് യാചിക്കുന്നു മമ്മിയെ നോക്കാൻ.

'ഷുവർ ജസ്റ്റിൻ. മമ്മിയെ ഞാൻ നോക്കാം. എന്റെ സ്വന്തം മമ്മിയെപ്പോലെ.'

ജസ്റ്റിൻ കൈകളുയർത്തി ആനിയുടെ മുഖത്തു തൊട്ടു. മുഖത്തേക്ക് പാറിവീണ മുടിയിഴകൾ ഒതുക്കി ആനി ഒരു ഗദ്ഗദത്തോടെ ജസ്റ്റിന്റെ നെഞ്ചിലേക്ക് മുഖം ചായിച്ചു.

ആനി ഡാനിച്ചന്റെയും ഏലിയാമ്മയുടെയും സമ്മതത്തോടെ ഗ്രേസിയുടെ വീട്ടിലേക്കുമാറി. കറുമ്പനും വെളുമ്പിയുമൊക്കെ വീടൊഴിഞ്ഞിരിക്കുന്നു. ഡാനിച്ചനത് അർധമനസോടെയാണ് സമ്മതിച്ചത്. ജാക്കി ഭയങ്കര കരച്ചിലായിരുന്നു. ഏലിയാമ്മയെ വിട്ടുവരാൻ. ഒടുവിൽ ഉറങ്ങിക്കഴിഞ്ഞപ്പോഴാണ് അവനെയും കൊണ്ടുവന്നത്.

ഗ്രേസിയെ ഓൾഡ്ഏജ് ഹോമിൽനിന്നു വിളിച്ചുകൊണ്ടുവന്നത് ആനിയും ജോസുംകൂടിയായിരുന്നു.

ജോസ് മടങ്ങിപ്പോയി.ഒറ്റയ്ക്കായപ്പോൾ ഗ്രേസി ആനിയുടെ കൈപിടിച്ച് പൊട്ടിക്കരഞ്ഞു. വിറകൊണ്ടുപോയ ചുണ്ടുകൾകൊണ്ട് മാപ്പിരന്നു.

കാലിൽവീഴാൻവരെ പോയി.ആനി സ്തബ്ധയായിരുന്നു. ഗ്രേസി ഇങ്ങനെ പെരുമാറുമെന്ന് കരുതിയില്ല. ചിത്തഭ്രമം പിടിച്ചവരെപ്പോലെ ഗ്രേസി പൊട്ടിക്കരഞ്ഞുകൊണ്ടിരുന്നു.

ആനി കുറെ ദിവസത്തേക്ക് അവധിയെടുത്തിരുന്നു.

പിറ്റേന്ന് ജാക്കിമോന്റെ ഏഴാം പിറന്നാളായിരുന്നു.

ജസ്റ്റിനെ കാണാൻ ആനി ആശുപത്രിയിലേക്ക് ഇറങ്ങുമ്പോൾ ഗ്രേസി വിളിച്ചു.

'മോളേ...'

ആനി തിരിഞ്ഞുനോക്കി.

'എനിക്കൊരു ആഗ്രഹമുണ്ട്.'

ആനി ചോദ്യഭാവത്തിൽ ഗ്രേസിയെ നോക്കി.

'നാളെ ജാക്കിമോന്റെ പിറന്നാളല്ലേ. നാളെ എല്ലാവരും ഇവിടെ കാണണമെന്നെനിക്കുണ്ട്.'

ഡാനിയും ഏലിയാമ്മയും ജോസും എല്ലാവരും.

ആനി വിശ്വസിക്കാനാവാത്തതുപോലെ ഗ്രേസിയുടെ കണ്ണുകളിലേക്ക് ഉറ്റുനോക്കി.

യാചനയുടെ ഭാവമായിരുന്നു ആ കണ്ണുകളിൽ നിറഞ്ഞിരുന്നത്.

മറുപടി പറയാൻ തോന്നിയില്ല.

ആനി നടന്നു.

പിറ്റേന്നു ആനി നേരത്തെ എഴുന്നേറ്റു ജാക്കിയെയുംകൊണ്ട് ജസ്റ്റിന്റെ അടുക്കൽപോയി.

കുഞ്ഞിക്കൈകൾകൊണ്ട് പിറന്നാൾ കേക്കിന്റെ മധുരം ജസ്റ്റിനും പകർന്നുകൊടുത്തു അവൻ.

വീട്ടിൽ തിരികെയെത്തിയപ്പോൾ എല്ലാവരും ഉണ്ടായിരുന്നു അവിടെ. സൈമണും മോനിക്കയും സെബിനും

ജോസും ആൻസിയും സാമും എല്ലാവരും. ഏലിയാമ്മയും ഡാനിച്ചനും എത്തിയിട്ടില്ല.

ഗ്രേസി വലിയ സന്തോഷത്തിലാണ്. എല്ലാവരെയും സൽക്കരിക്കുന്നുമുണ്ട്.

ഡൈനിംഗ് ടേബിളിൽ ഏഴ് മെഴുകുതിരികൾ കൊളുത്തിയ 'ഹാപ്പി ബർത്ത് ഡേ ടു ജാക്കി' എന്നെഴുതിയ കേക്ക്.ആനി ജാക്കിയെ പുതിയ ഉടുപ്പുമിടുവിച്ച് കേക്കിനരുകിൽ എത്തിയപ്പോഴാണ് ഡാനിച്ചനും ഏലിയാമ്മയും വന്നത്. കൈയിലിരുന്ന പൊതി ജാക്കിക്ക് കൊടുത്തുകൊണ്ട് ഡാനിച്ചൻ അവനൊരു മുത്തം കൊടുത്തു.

കുരുന്നു ചുണ്ടുകളിൽനിന്ന് താങ്ക്സ് കിട്ടി.

ചിരിച്ചുകൊണ്ടു തിരിഞ്ഞ ഡാനിച്ചന്റെ എതിരെ ഗ്രേസിവന്നു.

കണ്ണുകൾ ഇടഞ്ഞു.

ഒരുനിമിഷം...

ഒരു പൊട്ടിക്കരച്ചിലോടെ ഗ്രേസി ഡാനിച്ചന്റെ കൈകളിലേക്ക് വീണു.

എല്ലാവരും നിശ്ചലരായി. ഒട്ടും പ്രതീക്ഷിക്കാത്ത പോലെ നോക്കിനിന്നു.

ഡാനി ഒന്നും പറഞ്ഞില്ല. ഗ്രേസിയെ ചേർത്തുപിടിച്ച് മുടിയിഴകളിലൂടെ തലോടി.

കണ്ണുനീരിന്റെ നനവിലേക്ക് ഹാപ്പി ബർത്ത് ഡേ ടു യു എന്ന ഗാനം ഇടറികടന്നുവന്നു.

ജാക്കി കേക്ക് പകുത്തപ്പോൾ എല്ലാവരുടെ കണ്ണിലും മഴത്തുള്ളികൾ തുളുമ്പി.

ദൂരെ മരുന്നുകളുടെ ഗന്ധത്തിൽ ആശുപത്രിയുടെ ഏകാന്തതയിൽ വിജനതയിലേക്ക് മിഴികളൂന്നിയ ജസ്റ്റിൻ ഒരു വിളിപാടെന്നപോലെ ആ ദൃശ്യം കണ്ടു.

പ്രപഞ്ചത്തിന്റെ അനന്തതയിലെ കോടാനുകോടി കണികളിലൊന്നാവാൻ എല്ലാം ഒതുങ്ങുന്ന ഒരു ബിന്ദുവായി അലിയാനുള്ള പ്രയാണത്തിന്റെ തുടക്കത്തിലായിരുന്നു ജസ്റ്റിന്റെ ആത്മാവപ്പോൾ.

# നോവൽ അവസാനിച്ചു